# GOD'S SIMPLE PLAN OF SALVATION

## Introduction

1യോഹ  5:13.  ദൈവപുത്രന്റെ നാമത്തില് വിശ്വസിക്കുന്ന നിങ്ങള്ക്കു ഞാന് ഇതു എഴുതിയിരിക്കുന്നതു നിങ്ങള്ക്കു നിത്യജീവന് ഉണ്ടെന്നു നിങ്ങള് അറിയേണ്ടതിന്നു തന്നേ.

## I  നാമെല്ലാവരും ദൈവത്തിന് പ്രസാദമില്ലാത്ത കാര്യങ്ങള് ചെയ്ത് ദൈവത്തിനു വിരോധമായി പാപം ചെയ്തിരിക്കുന്നവരാണ്. തെറ്റു ചെയ്യാത്ത ഒരാള് പോലും ഈ ഭൂമുഖത്തില്ല.

റോമ 3:10  "നീതിമാന് ആരുമില്ല. ഒരുത്തന് പോലുമില്ല:"

റോമ 3:23  "ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായിത്തീര്ന്നു,



## II  പാപത്തിന്റെ ശിക്ഷയായി നമുക്കു ലഭിക്കുന്നത് മരണമാണ്.

റോമ 6:23  പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കര്ത്താവായ യേശുക്രിസ്തുവില് നിത്യജീവന് തന്നേ.

Revelation 21:8 "എന്നാല് ഭീരുക്കള് , അവിശ്വാസികള് അറെക്കപ്പെട്ടവര് കുലപാതകന്മാര് , ദുര്ന്നടപ്പുകാര് , ക്ഷുദ്രക്കാര് , ബിംബാരാധികള് എന്നിവര്ക്കും ഭോഷകുപറയുന്ന ഏവര്ക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ: അതു രണ്ടാമത്തെ മരണം.."

## III യേശുക്രിസ്തു നമുക്കായി മരിച്ചു! തന്റെ മരണം കൊണ്ട് നമ്മുടെ പാപക്കടം കൊടുത്തു തീര്ത്തു. തന്റെ രക്ഷണ്യവേല അംഗീകരിക്കപ്പെട്ടു എന്നതിന്റെ അടയാളമായി ക്രിസ്തുവിനെ ദൈവം മരണത്തില് നിന്ന് ഉയിര്പ്പിച്ചു.

റോമ 5:6 നാം ബലഹീനര് ആയിരിക്കുമ്പോള് തന്നേ ക്രിസ്തു തക്ക സമയത്തു അഭക്തര്ക്കും വേണ്ടി മരിച്ചു.

റോമ 5:8 "ക്രിസ്തുവോ നാം പാപികള് ആയിരിക്കുമ്പോള് തന്നേ നമുക്കു വേണ്ടി മരിക്കയാല് ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദര്ശിപ്പിക്കുന്നു."

റോമ 14:9 "മരിച്ചവര്ക്കും ജീവിച്ചിരിക്കുന്നവര്ക്കും കര്ത്താവു ആകേണ്ടതിന്നല്ലോ ക്രിസ്തു മരിക്കയും ഉയിക്കയും ചെയ്തതു."

റോമ 6:23 പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കര്ത്താവായ യേശുക്രിസ്തുവില് നിത്യജീവന് തന്നേ.



**Christ died for sinners!**

## IV നമ്മെത്തന്നേ രക്ഷിക്കുവാന് നമുകക്് അസാദ്ധ്യമാണ്.

എഫേ. 2:8-9 കൃപയാലല്ലോ നിങ്ങള് വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങള് കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. 9 ആരും പ്രശംസിക്കാതിരിപ്പാന് പ്രവൃത്തികളും കാരണമല്ല..
\
Titus 3:5 അവന് നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാലല്ല, തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചതു.

Acts 4:12 മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാന് ആകാശത്തിന് കീഴില് മനുഷ്യരുടെ ഇടയില് നല്കപ്പെട്ട വേറൊരു നാമവും ഇല്ല.

## V യേശുകര്ത്താവ് നമുക്കു പകരം മരിച്ചതുകൊണ്ട് ഇന്ന് നാം ചെയ്യേണ്ട ഒരേ ഒരു കാര്യം തന്റെ മരണം എന്റെ മരണമായി വിശ്വാസത്താല് സ്വീകരിച്ച് അവനില് ശരണപ്പെടുക മാത്രമാണ്; അപ്പോള് നാം രക്ഷിക്കപ്പെടും!

റോമ 4:24 നമ്മെ വിചാരിച്ചുംകൂടെ ആകുന്നു. നമ്മുടെ അതിക്രമങ്ങള് നിമിത്തം മരണത്തിന്നു ഏല്പിച്ചും നമ്മുടെ നീതീകരണത്തിന്നായി ഉയിര്പ്പിച്ചുമിരിക്കുന്ന

റോമ 10:9-10,13 “യേശുവിനെ കര്ത്താവു എന്നു വായികൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരില് നിന്നു ഉയിര്ത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താല് നീ രക്ഷപ്പെടും. ഹൃദയം കൊണ്ടു നീതിക്കായി വിശ്വസിക്കയും വായികൊണ്ടു രക്ഷെക്കായി ഏറ്റുപറകയും ചെയ്യുന്നു. കര്ത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും” എന്നുണ്ടല്ലോ.”



റോമാലേഖനത്തിലെ രക്ഷക്കായുള്ള വഴി പിന്പറ്റുവാന് നിങ്ങള്ക്ക് ആഗ്രഹമുണ്ടോ? എങ്കില് ഈ പ്രാര്ത്ഥന അതിന് ഉപകരിക്കും. ഈ പ്രാര്ത്ഥനയോ മറ്റേതെങ്കിലും പ്രാര്ത്ഥനയോ നിങ്ങളെ രക്ഷിക്കുകയില്ല. ക്രിസ്തുവിലുള്ള നിങ്ങളുടെ വിശ്വാസമാണ് നിങ്ങളെ രക്ഷിക്കുന്നത്. ഈ പ്രാര്ത്ഥന ക്രിസ്തുവിങ്കലുള്ള നിങ്ങളുടെ വിശ്വാസത്തെ വെളിപ്പെടുത്തുവാനുള്ള ഒരു മാര്ഗ്ഗം മാത്രമാണ്. "

കര്ത്താവേ,

ഞാന് തെറ്റു ചെയ്തിട്ടുണ്ടെന്നും ശിക്ഷായോഗ്യനാണെന്നും ഞാന് അറിയുന്നു. യേശുകര്ത്താവ് എന്റെ പാപപരിഹാരാര്ത്ഥം മരിച്ചടക്കപ്പെട്ട് മൂന്നാം നാള് ഉയിര്ത്തെഴുന്നേറ്റ് സ്വര്ഗ്ഗത്തില് ജീവിക്കുന്നു എന്ന് ഞാന് വിശ്വസിക്കുന്നു. കര്ത്താവേ, എന്റെ പാപങ്ങള് ക്ഷമിച്ച് എന്നെ നിന്റെ പൈതലാക്കേണമേ. പ്രര്ത്ഥന കേട്ടതു കൊണ്ട് നന്ദി. നിത്യജീവനായി സ്തോത്രം. യേശുകര്ത്താവിന്റെ നാമത്തില് തന്നെ. ആമേന്."

**Amazing Grace Publishing *P O Box 1963 * Joshua TX 76058 * 817-426-1828 * E-Mail JamesAV@aol.com**